"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - എറണാകുളം, കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിലെ യു.ഡി.സി./എസ്.വി.ഒ. ആയ ശ്രീ. അനിൽകുമാർ എം.ടി. ക്ക് 03.10.2024 ലെ സ.ഉ. (സാധാ) നം.2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും, 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**റവന്യൂ(റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.118/2025/RD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 27.09.2023 ലെ OP(RPWD) No. 2795/S7/2023 നമ്പർ ഉത്തരവ്.
2. 03.10.2024 ലെ സ.ഉ(സാധാ)നം.2398/2024/ആർഡി നമ്പർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.11.2024, 10.03.2025 തീയതികളിലെ എൽ.ആർ./11510/2023-എൽ.ആർ.ഇ(4) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ. ആയിരുന്ന ശ്രീ. അനിൽ കുമാർ എം.ടി. ക്ക് 08.06.2022-ൽ പക്ഷാഘാതം സംഭവിച്ചതിനെ തുടർന്ന് ശരീരത്തിന്റെ ഒരു വശം തളർന്ന് പോയതിനാൽ പരസഹായം കൂടാതെ ദൈനംദിന കൃത്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും തന്മൂലം ഭിന്നശേഷിക്കാരനായി മാറിയ ടിയാന് ഓഫീസിൽ പോകാനോ ജോലി ചെയ്യാനോ കഴിയാത്ത അവസ്ഥയിലായതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 20 (4) വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ

OP(RPWD) No. 2795/S7/2023 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ, ടിയാൾക്ക് 2016 ലെ ഭിന്നശേഷി അവകാശ നിയമം, വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് നിരീക്ഷിക്കുകയും ടിയാനെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയായ 23.05.2023 മുതൽ സൂപ്പർന്യൂമററി തസ്തികയിൽ സർവ്വീസിൽ തുടരുന്നതിന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ടി തീയതി മുതൽ ഹർജിക്കാരന് ശമ്പളം തുടങ്ങിയ മറ്റ് സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളതായും, ടിയാന്റെ വിരമിക്കൽ തീയതി വരെയോ, മരണ തീയതി വരെയോ, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ അപ്രകാരം ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അർഹതയുണ്ടെന്നും ഉത്തരവിൽ വ്യക്തമാക്കേണ്ടതാണെന്നും സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

2) ശ്രീ. അനിൽകുമാർ എം.ടി. ശരീരം തളർന്ന് കിടപ്പിലായ അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ഭാര്യയും 3 കുട്ടികളും അടങ്ങുന്ന കുടുംബത്തിന്റെ ഏക വരുമാന സ്രോതസ് ടിയാനായിരുന്നുവെന്നും 80% ഭിന്നശേഷിക്കാരനാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ടിയാന്റെ നിലവിലെ അവസ്ഥ അനുഭാവപൂർവം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. ആയതിനാൽ ശ്രീ.അനിൽ കുമാർ എം.ടി. ക്ക് പരാമർശം (1) പ്രകാരം സംസ്ഥാന ഭിന്ന ശേഷി കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളത് പ്രകാരം 2016 ലെ ഭിന്നശേഷി അവകാശ നിയമം, വകുപ്പ് 20(4) ലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) എന്നാൽ 2024 ഡിസംബറിൽ സർവീസിൽ നിന്നും വിരമിക്കുന്ന ശ്രീ അനിൽകുമാറിനെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം, കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിലെ യു.ഡി.സി./എസ്.വി.ഒ ആയ ശ്രീ. അനിൽകുമാർ എം.ടി. ക്ക് പരാമർശം (2) പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും ടിയാന് അനുവദിക്കുന്നതിന് അനുമതി നൽകിയും

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം)

2. സംസ്ഥാനഭിന്നശേഷി കമ്മീഷണർ, ആഞ്ജനേയ, റ്റി.സി. 9/1023, ഗ്രൗണ്ട് ഫ്ലോർ, ശാസ്തമംഗലം ,തിരുവനന്തപുരം.

3. ജില്ലാ കളക്ടർ, എറണാകുളം.

4. ശ്രീ. അനിൽകുമാർ എം.ടി. ക്ക്. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

6. സാമൂഹ്യനീതി വകുപ്പ്(02-08-2024 ലെ SJD-B1/221/2024-SJD നമ്പർ റിമാർക്സ് പ്രകാരം)

7. ധനകാര്യ വകുപ്പ്. ( 16.01.2025 ലെ No.E.2743988/EXP -D1/104/2024-FIN നമ്പർ റിമാർക്സ് പ്രകാരം)

8. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്( 21.08.2024 ലെ RULES-3/197/2024-P&ARD നമ്പർ റിമാർക്സ് പ്രകാരം)

9. നിയമ വകുപ്പ്( 10.01.2024 ലെ OPN-G2/5/2024-LAW നമ്പർ റിമാർക്സ് പ്രകാരം)

10. പൊതുഭരണ (എസ്.സി) വകുപ്പ്(30.04.2025 ലെ 2909 നമ്പർ ഇനം പ്രകാരം)

11. ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) ഐ & പി.ആർ. ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

12. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T3/197/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 03-05-2025 13:04:52

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. റവ-റ്റി3/197/2024/റവ. ഇനം നം: 2909

ഉ

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. അനിൽകുമാർ എം.ടി.-ക്ക് 03.10.2024-ലെ സ.ഉ.(സാധാ)നം.2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 2016-ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

2-5-25

2909

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ–റ്റി3/197/2024–റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | എറണാകുളം, ജില്ലയിൽ കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. അനിൽകുമാർ എം.ടി. ക്ക് 03.10.2024 ലെ സ.ഉ.(സാധാ) നം. 2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.03.2025 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 28.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. അനിൽകുമാർ എം.ടി. ക്ക് 03.10.2024 ലെ സ.ഉ.(സാധാ) നം.2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ. ആയിരുന്ന ശ്രീ. അനിൽ കുമാർ എം.ടി. ക്ക് 08.06.2022-ൽ പക്ഷാഘാതം സംഭവിച്ചതിനെ തുടർന്ന് ശരീരത്തിന്റെ ഒരു വശം തളർന്ന് പോയതിനാൽ പരസഹായം കൂടാതെ ദൈനംദിന കൃത്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും തന്മൂലം ഭിന്നശേഷിക്കാരനായി മാറിയ ടിയാന് ഓഫീസിൽ പോകാനോ ജോലി ചെയ്യാനോ കഴിയാത്ത അവസ്ഥയിലായതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 20 (4) വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ OP(RWD) No. 2795/S7/2023 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി, പ്രസ്തുത കേസിൽ 27.09.2023 ൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിൽ, ടിയാൾക്ക് 2016 ലെ ഭിന്നശേഷി അവകാശ നിയമം, വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് നിരീക്ഷിക്കുകയും ടിയാനെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയായ 23.05:2023 മുതൽ സൂപ്പർന്യൂമററി തസ്തികയിൽ സർവ്വീസിൽ തുടരുന്നതിന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ടി തീയതി മുതൽ ഹർജിക്കാരന് ശമ്പളം തുടങ്ങിയ

മറ്റ് സേവന ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതായും, ടിയാന്റെ വിരമിക്കൽ തീയതി വരെയോ, മരണ തീയതി വരെയോ, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ അപ്രകാരം ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അർഹതയുണ്ടെന്നും ഉത്തരവിൽ വ്യക്തമാക്കേണ്ടതാണെന്നും കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3. ശ്രീ. അനിൽകുമാർ എം.ടി. ശരീരം തളർന്ന് കിടപ്പിലായ അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും ഭാര്യയും 3 കുട്ടികളും അടങ്ങുന്ന കുടുംബത്തിന്റെ ഏക വരുമാന സ്രോതസ് ടിയാനായിരുന്നുവെന്നും ടിയാന്റെ നിലവിലെ അവസ്ഥ അനുഭാവപൂർവം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

4. ശ്രീ. അനിൽകുമാറിന് 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> "80% ഭിന്നശേഷിക്കാരനാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ശ്രീ. അനിൽകുമാർ. എം.ടി.ക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണിച്ച് OP(RWD) No. 2795/S7/2023/എസ്.സി.പി.ഡബ്ല്യു.ഡി. കേസിൽ സംസ്ഥാന ഭിന്ന ശേഷി കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ള പ്രകാരം 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വം നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സംസ്ഥാന ഭിന്ന ശേഷി കമ്മീഷണറുടെ "27.09.2023 OP (RPWD) NO.2795/S7/2023 നമ്പർ ഉത്തരവിന് അനുസൃതമായി കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിലെ സീനിയർ ക്ലർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസറായി ജോലി നോക്കുന്നയാളും മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 80% ഭിന്നശേഷിക്കാരനുമായ ശ്രീ അനിൽകുമാർ എം.ടിയെ 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4) പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ സർവ്വീസിൽ തുടരാൻ അനുവദിക്കാവുന്നതാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്."

6. സാമൂഹ്യനീതി വകുപ്പിന്റെയും, നിയമ വകുപ്പിന്റെയും, ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പിനു ഉചിത തീരുമാനം എടുക്കാവുന്നതാണ് എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"നിയമവകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ ആയ ശ്രീ. അനിൽകുമാർ എം.ടി. യ്ക്ക് The Rights of persons with disabilities Act 2016 സെക്ഷൻ 20(4) -ലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ധനവകുപ്പിന് വിയോജിപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. നിയമ - സാമൂഹ്യനീതി - ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണിച്ചും ശ്രീ. അനിൽ കുമാർ എം.ടി.-യ്ക്ക് OP(RWD) No. 2795/S7/2023 നമ്പർ കേസിൽ സംസ്ഥാന ഭിന്ന ശേഷി കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളത് പ്രകാരം 2016 ലെ ഭിന്നശേഷി അവകാശ നിയമം, വകുപ്പ് 20(4)ലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് 03.10.2024 ലെ സ.ഉ.(സാധാ) നം.2398/2024/RD പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2024 ഡിസംബറിൽ സർവീസിൽ നിന്നും വിരമിക്കുന്ന

ശ്രീ. അനിൽകുമാറിനെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

8. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> "നിയമവകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, കുട്ടമ്പുഴ വില്ലേജിൽ യു.ഡി.സി./എസ്.വി.ഒ ആയ ശ്രീ. അനിൽകുമാർ എം.ടി.യ്ക്ക് The Rights of persons with disabilities Act 2016, സെക്ഷൻ 20(4) -ലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നല്കിയിട്ടുള്ളതിനാൽ 03.10.2024 ലെ സ.ഉ.(സാധാ) നം.2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്ന കാര്യത്തിൽ ഭരണ വകുപ്പിന് തന്നെ തീരുമാനമെടുക്കാവുന്നതാണ് എന്ന് അറിയിക്കുന്നു."

9. എറണാകുളം, കുട്ടമ്പുഴ വില്ലേജിലെ യു.ഡി.സി./എസ്.വി.ഒ. ആയിരുന്ന ശ്രീ. അനിൽ കുമാറിന് 03.10.2024 ലെ സ.ഉ.(സാധാ) 2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>**തീരുമാനമെടുക്കേണ്ട വിഷയം**</u>

എറണാകുളം, കോതമംഗലം താലൂക്കാഫീസിന് കീഴിൽ കുട്ടമ്പുഴ വില്ലേജിലെ യു.ഡി.സി./എസ്.വി.ഒ ആയ ശ്രീ. അനിൽകുമാർ എം.ടി. ക്ക് 03.10.2024 ലെ സ.ഉ.(സാധാ) നം.2398/2024/RD പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.05.2023 മുതൽ ടിയാൾ സർവീസിൽ നിന്നും വിരമിച്ച 31.12.2024 വരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കാമോ?